**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2421** **08.05.2017-ലെ മറുപടിക്ക്**

**'ഭൂരഹിതർക്ക് സർക്കാർ മിച്ചഭൂമി നൽകുന്നതിന് നടപടി'**

**ചോദ്യം**

**ശ്രീ. പി.ഉണ്ണി**
**,, കെ.കുഞ്ഞിരാമൻ**
**,, പി.വി.അൻവർ**
**,, കെ.കെ.രാമചന്ദ്രൻ നായർ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം ജില്ലകളിലാണ് സർക്കാർ മിച്ചഭൂമി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 656.43 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭൂരഹിതരായ ആളുകൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) & (സി) | ഭൂരഹിതരായ ആളുകൾ എത്രയുണ്ടെന്ന കൃത്യമായ കണക്ക് സ്വരൂപിച്ചിട്ടില്ല. മിച്ചഭൂമി വിതരണത്തിനായി ഭൂരഹിതരെ തിട്ടപ്പെടുത്തിവെക്കുന്ന രീതി നിലവിലില്ല. വാസയോഗ്യമായ വിധത്തിൽ വിതരണത്തിന് യോജിച്ച മിച്ചഭൂമി കണ്ടെത്തുന്ന മുറയ്ക്ക് അതാത് ജില്ലാ കളക്ടർമാർ 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 96-ാം വകുപ്പിലേയും അനുബന്ധ ചട്ടങ്ങളിലേയും വ്യവസ്ഥാനുസരണം അപേക്ഷകൾ ക്ഷണിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും, അവർക്ക് നിയമ/ ചട്ടാനുസരണം മിച്ചഭൂമി വിതരണം നടത്തുകയുമാണ് ചെയ്യുന്നത്. |
| (സി) | ഉണ്ടെങ്കിൽ ഭൂരഹിതരായവരിൽ ഏറ്റവും അർഹരായവർക്ക് കണ്ടെത്തിയ മിച്ചഭൂമി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം. | ജില്ല | കണ്ടെത്തിയ / സർക്കാർ കൈവശമുള്ള മിച്ചഭൂമി (ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 4.22 |
| 2 | കൊല്ലം | 6.52 |
| 3 | പത്തനംതിട്ട | 0.29 |
| 4 | ആലപ്പുഴ | 5.67 |
| 5 | കോട്ടയം | 49.75 |
| 6 | ഇടുക്കി | 44.42 |
| 7 | എറണാകുളം | 68.42 |
| 8 | തൃശ്ശൂർ | 41.94 |
| 9 | പാലക്കാട് | 35.77 |
| 10 | മലപ്പുറം | 27.96 |
| 11 | കോഴിക്കോട് | 5.59 |
| 12 | വയനാട് | 6.31 |
| 13 | കണ്ണൂർ | 327.35 |
| 14 | കാസർഗോഡ് | 32.22 |
| ആകെ | | **656.43** |